പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 263</u> — <u>06.01.2014 ൽ മറുപടിക്ക്</u>

## <u>ഗവ. ചീഫ് വിപ്പ് തൊടുപുഴയിൽ ആക്രമിക്കപ്പെട്ട സംഭവം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഗവ. ചീഫ് വിപ്പ് തൊടുപുഴയിൽ ആക്രമിക്കപ്പെട്ട സംഭവം പോലീസ് അന്വേഷിക്കുകയുണ്ടായോ; സംഭവത്തിനുത്തരവാദികളായ എല്ലാവർക്കുമെതിരെ കേസെടുത്തിട്ടുണ്ടോ ; പ്രതികൾ ആരൊക്കെയാണ്; ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവർ ആരൊക്കെ; | എ) | സംഭവത്തിന് ഉത്തരവാദികളായ എല്ലാവർക്കുമെതിരെ കേസെടുത്തിട്ടുണ്ട്. ഈ സംഭവത്തിന് തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നം. 1734 യു./എസ് 143, 145, 146, 147, 353 ഐ.പി.സി & 3 (1) പി.ഡി.പി.പി. ആക്ട് r/w 149 IPC പ്രകാരം (1) നിയാസ്, (2) അക്ബർ, (3) മാത്യുകുട്ടി, (4) ജിയോ മാത്യു, (5) അനിൽകുമാർ, (6) ബിനീഷ് ലാൽ, (7) റഹിം, (8) അനൂപ്, (9) ജിയോ ആലക്കോട്, (10) മുനീർ, (11) അജി, (12) മാത്യു, (13) നിസ്സാർ, (14) ഫൈസൽ, (15) ദിലീപ് എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. ഇതിൽ 1 മുതൽ 7 വരെ പ്രതികൾ കോടതിയിൽ നേരിട്ട് ഹാജരായി ജാമ്യമെടുത്തു. 8 മുതൽ 15 വരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) സംഭവത്തിന്റെ സൂത്രധാരൻ ആരാണെന്നും ഇക്കാര്യത്തിൽ ഗൂഢാലോചന നടന്നതെവിടെയായിരുന്നുവെന്നും പോലീസ് അന്വേഷിക്കുകയുണ്ടായോ ; | (ബി)യും<br>(സി)യും | ഇത് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. |
| (സി) കേസിലെ പ്രതികൾ സംഭവത്തിന് മുമ്പും ശേഷവും നടത്തിയ ഫോൺ വിളികളെ സംബന്ധിച്ച് പോലീസ് അന്വേഷിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ നടന്നതായ ഗൂഢാലോചനയിൽ പങ്കെടുത്തതായി പോലീസ് കരുതുന്നവർ ആരൊക്കെയാണ്? | | |

സെക്ഷൻ ഓഫീസർ